File No.C1/255/2021-TC

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: **06/10/2021**

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: 1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
3. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും (എൻഫോഴ്സ്മെന്റ് )
4. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- വിഷയം :- മോട്ടോർ വാഹന വകുപ്പ്- ഇരുചക്ര വാഹനങ്ങളിൽ കുട പിടിച്ച് അപകടകരമായ രീതിയിൽ യാത്ര ചെയ്യുന്നത് സംബന്ധിച്ച് .

സൂചന :- ജോയിന്റ് ആർ .ടി.ഓ മല്ലപ്പള്ളിയുടെ 14/09/ 2021 ലെ എ 1 / 531/2021 / പി .എം നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നമ്മുടെ പൊതുനിരത്തുകളിൽ മഴക്കാലത്ത് അപകടകരമായ വിധം കുട പിടിച്ച് കൊണ്ട് ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവരുടെയും അപ്രകാരം കുട പിടിച്ച് കൊണ്ട് പിൻ സീറ്റിൽ യാത്ര ചെയ്യുന്നവരുടെയും എണ്ണം അനുദിനം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇതുകാരണമുള്ള അപകടങ്ങളും വർദ്ധിച്ചുവരുന്നുണ്ട്. ഇങ്ങനെ യാത്ര ചെയ്യുന്നത് 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 184 (f)അനുസരിച്ചു ശിക്ഷാർഹവും, 2017 ലെ Motor Vehicles (Driving) Regulations ലെ 5 (6), 5(17 ) എന്നിവയുടെ ലംഘനവുമാണ്. പ്രസ്തുത ലംഘനം മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 177 A പ്രകാരം ശിക്ഷാർഹവുമാണ്. ഇപ്രകാരമുള്ള യാത്ര നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ റോഡിൽ നടത്തുന്ന വാഹന പരിശോധനയിൽ ഇത്തരം പ്രവണതകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ അപകടകരമായ വിധത്തിലുള്ള ഇത്തരം യാത്രകൾക്കെതിരെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ കൂടി സംഘടിപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Digitally signed by T.C.VINESH
Date:Wed Oct 06 11:05:52 IST
Reason: Approved

**T.c.vinesh**
**Joint Transport Commissioner**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in